## പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2326

09.03.2018 ന് മറുപടിയ്ക്ക്.

## മനുഷ്യ ജീവനും കൃഷിക്കും വന്യജീവികൾ വരുത്തുന്ന നാശത്തിന് നഷ്ടപരിഹാരം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.റ്റി.വി.രാജേഷ് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| മനുഷ്യ ജീവനും കൃഷിക്കും വന്യജീവികൾ വരുത്തുന്ന നാശത്തിന് സർക്കാർ നഷ്ടപരിഹാരം നൽകണമെന്ന് കോടതി നിർദ്ദേശമുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദാംശം നൽകുമോ? | വന്യജീവികൾ കാരണം പൊതുജനങ്ങൾക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകാൻ സർക്കാരിന് "പ്രിൻസിപ്പിൾസ് ഓഫ് സ്ട്രിക്ട് ലയബിലിറ്റി" എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ നിയമപരമായ ബാധ്യതയുണ്ടെന്ന് ബഹു. ഹൈക്കോടതി ആർ.എസ്.എ.നം.1341 ഓഫ് 2012 എന്ന കേസ്സിൽ നിരീക്ഷിച്ചിട്ടുണ്ട്. കൂടാതെ കൃഷിനാശത്തിന് നൽകുന്ന നഷ്ടപരിഹാരം അപര്യാപ്തമാണെന്ന് കാണുന്ന പക്ഷം കോടതിയെ സമീപിക്കാവുന്നതാണെന്നും ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്ത് വന്യജീവി ആക്രമണം മൂലമുള്ള നാശത്തിന് നിലവിൽ നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. അതിന്റെ തുക വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ